# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.724 — 29/11/2018 ൽ മറുപടിയ്ക്ക്

## പ്രളയബാധിതർക്ക് നൽകിയ സഹായം

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | മഹാപ്രളയത്തിൽ വീടുകളും വീട്ടുപകരണങ്ങളും തൊഴിലും നഷ്ടപ്പെട്ടവരെ സഹായിച്ചയിനത്തിൽ എത്ര കോടി രൂപ സഹകരണ വകുപ്പും സ്ഥാപനങ്ങളും ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | എ) | മഹാപ്രളയത്തിൽ വീടുകളും വീട്ടുപകരണങ്ങളും, തൊഴിലും നഷ്ടപ്പെട്ടവരെ സഹായിച്ചയിനത്തിൽ സഹകരണ വകുപ്പും സ്ഥാപനങ്ങളും ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 41,97,341<br>കൊല്ലം - 3,31,800<br>പത്തനംതിട്ട - 1,84,633<br>ആലപ്പുഴ - 12,52,107<br>കോട്ടയം - 1,05,941<br>ഇടുക്കി - 22,46,917<br>എറണാകുളം - 28,10,000<br>തൃശ്ശൂർ - 1,62,60,033<br>പാലക്കാട് - 5,73,539<br>മലപ്പുറം - 41,01,184<br>കോഴിക്കോട്- - 39,73,234<br>വയനാട് - 5,25,000<br>കണ്ണൂർ - 3,81,000<br>കാസർകോഡ് - 1,74,641 |
| ബി) | മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേയ്ക്ക് ആകെ എത്ര കോടി രൂപ സഹകരണ സ്ഥാപനങ്ങൾ സംഭാവന നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | ബി) | മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് നാളിതുവരെ സഹകരണ സ്ഥാപനങ്ങൾ സംഭാവനയായി നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 8,51,59,556<br>കൊല്ലം - 6,32,56,627<br>പത്തനംതിട്ട - 96,67,500<br>ആലപ്പുഴ - 2,94,93,580<br>കോട്ടയം - 6,64,35,147<br>ഇടുക്കി - 4,27,10,054<br>എറണാകുളം - 13,09,07,791<br>തൃശ്ശൂർ - 12,17,45,525<br>പാലക്കാട് - 12,03,82,628<br>മലപ്പുറം - 7,93,28,091<br>കോഴിക്കോട് - 15,34,11,013<br>വയനാട് - 77,90,666 |

| | | | |
|---|---|---|---|
| | | | കണ്ണൂർ - 15,21,24,737<br>കാസർകോഡ് - 3,55,27,336 |
| സി) | പ്രളയബാധിതരെ ദീർഘകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | സി) | പ്രളയബാധിതരെ ദീർഘ കാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ CARe Kerala (Co-operative Alliance to Rebuild Kerala) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. ഇതുവഴി കെയർഹോം (CARe Home) കെയർലോൺ (CARe Loan) എന്നീ രണ്ടു പദ്ധതികൾ നടപ്പിലാക്കുന്നു. കെയർഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് പുതിയവീട് വച്ചു നൽകുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭ നടപടികൾ എല്ലാം പൂർത്തിയായിട്ടുണ്ട്.<br>പ്രകൃതിക്ഷോഭത്തിന്റെ ആഘാതമേറ്റവർക്ക് സമയബന്ധിതമായും വേഗത്തിലും ധനസഹായം ലഭ്യമാക്കുന്നതിന് RESURGENT KERALA LOAN SCHEME എന്ന പേരിൽ ഒരു പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലൂടെ 9% പലിശ നിരക്കിലായിരിക്കും ഈ വായ്പകൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നത്. പലിശ സർക്കാർ വഹിക്കും. വായ്പ നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾ മുഖാന്തിരം കെയർ ലോൺ എന്ന പേരിലുള്ള വായ്പാ പദ്ധതി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ